കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആലങ്കോട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.എംപി.എം.28/2439/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം ജില്ല പിൻ -676505

ഫോൺ -0483 27249505

Email : dompm.ksad@kerala.gov.in

തീയ്യതി -25/10/2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

ആലങ്കോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആലങ്കോട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലങ്കോട് ഗ്രാമ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികൾക്ക് ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ AIMS സോഫ്റ്റ്‌വെയറിലൂടെ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്

നം കെ എസ് എ.എംപി.എം28/2439/18

തിയ്യതി: 25/10/2018

മലപ്പുറം ജില്ലയിലെ ആലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ആലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29-06-2017 മുതൽ 10-09-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് ,അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് നൽകിയ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല. ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

<table>
<tr><td>ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ</td><td colspan="2">ശ്രീ.എ.എസ്.ഷാജഹാൻ,<br>ഡെപ്യൂട്ടി ഡയറക്ടർ</td></tr>
<tr><td>ഓഡിറ്റിന് വിനിയോഗിച്ച സമയം</td><td colspan="2">11.09.18 മുതൽ 25.09.18 വരെ</td></tr>
<tr><td rowspan="5">ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</td><td>പേര്</td><td>ഉദ്യോഗപ്പേര്</td></tr>
<tr><td>ശ്രീമതി.സീനത്ത്.പി.എ.</td><td>ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ശ്രീ.അബ്ദുൾറഷീദ്.എം.പി</td><td>അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ</td></tr>
<tr><td>ശ്രീ.റിഷിൽ .പി.</td><td>അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ</td></tr>
<tr><td>ശ്രീ.മുഹമ്മദ് സിയാദ്.പി.പി</td><td>സീനിയർഗ്രേഡ്ഓഡിറ്റർ</td></tr>
</table>

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.ഐഷ ഹസ്സൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ടി.എ.സുബൈദ | 01.04.2017 മുതൽ 27.05.2017 FN വരെ |
| | പി.പി. വിജയൻ,<br>അസിസ്റ്റന്റ് സെക്രട്ടറി<br>(ഇൻചാർജ്ജ്) | 27.05.2017 AN മുതൽ 14.06.17 FN വരെ |
| | കെ.കെ.സജീവ്കുമാർ | 14.06.2017 AN മുതൽ 05.08.2017 FN വരെ |
| | പി.വി.ബാബുരാജൻ | 05.08.17 AN മുതൽ 31.03.18 വരെ |

സി)മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.അരുൺ.എ.പി. | 01.04.2017 മുതൽ<br>26.08.2017 FN വരെ |
| | ഡോ.സൈറമോൾ.സി.<br>എച്ച്. | 26.08.17AN മുതൽ 01.11.17 FN വരെ |
| | ഡോ.ഇർഷാദ് റഹ്മാൻ | 01.11.17AN മുതൽ24.11.17FN വരെ |
| | ഡോ.റിയാസ്.സി | 24.11.17മുതൽ31.03.18വരെ |
| മെഡിക്കൽ ഓഫീസർ<br>ആയുർവ്വേദം | ഡോ.ലീന.വി.കെ. | 01.04.2017മുതൽ31.03.2018വരെ |
| മെഡിക്കൽ ഓഫീസർ<br>ഹോമിയോ | ഡോ.സിന്ധു.പി.വി | 01.04.2017മുതൽ31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ.പി.വി.അഷറഫ് | 01.04.2017 മുതൽ<br>15.06.2017 FN വരെ |
| | ഡോ.ജെ.അനിത | 15.06.2017AN മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | സന്തോഷ് കുമാർ.എം.കെ. | 01.04.2017 മുതൽ<br>15.06.17 വരെയും<br>12.09.17 മുതൽ 25.10.17 വരെയും |
| | അനില.വൈ. | 16.06.17മുതൽ 11.09.17 വരെ |
| | അജീഷ്.കെ.നാരായണൻ | 26.10.17മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ദിവ്യസണ്ണി | 01.04.17 മുതൽ27.07.17 വരെ |
| | ലാമിന. വികെ. | 28.07.17 മുതൽ27.09.17FNവരെ |
| | നളിനി.എൻ. | 27.09.17AN മുതൽ31.12.17വരെ<br>04.03.18 മുതൽ31.03.18വരെ |
| | ബിന്ദു.കെ.കെ.(ചാർജ്ജ്) | 01.01.18 മുതൽ03.03.18 വരെ |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ,ജി.എൽ.പി.എസ് | കെ.സുരേഷ് | 01.04.17 മുതൽ31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സൗദാബി | 01.04.17 മുതൽ31.03.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | പി.പി.വിജയൻ | 01.04.17 മുതൽ22.06.17 വരെ (23.06.17 മുതൽ04.07.17 വരെ ഒഴിവ്) |
| | സിന്ധു.സി.ടി. | 05.07.17 മുതൽ30.11.17 വരെ |
| | ജയറാണി. | 01.12.17 മുതൽ31.03.18 വരെ |
| വി.ഇ.ഒ. | ബിജു.കെ | 01.04.17 മുതൽ31.03.18 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ്സ്&പേമെന്റ്സ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACRപ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം - 2 | |
| 13 | പരസ്യ നികുതി ഈടാക്കിയിട്ടില്ല | 2-1 |
| 14 | റേഷൻ കടകളുടെ ലൈസൻസ്,തൊഴിൽ നികുതി | 2-2 |
| 15 | ഇ – ടെണ്ടർ - ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. | 2-3 |
| 16 | കെട്ടിടനിർമ്മാണ അപേക്ഷ | 2-4 |

| | | |
|---|---|---|
| | തീർപ്പാക്കൽ /അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ. | |
| 17 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചില്ല. | 2-5 |
| | ഭാഗം -3 | |
| 18 | വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടത്തിൻമേൽ അറ്റകുറ്റ പണി | 3-1 |
| 19 | അംഗനവാടി പുനരുദ്ധാരണം -അപാകത | 3-2 |
| 20 | ടെണ്ടർ കുറവ് കുറക്കാതെ കരാറുകാർക്ക് തുക നൽകി - 32505 രൂപ തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്റ്റ് | 3-3 |
| 21 | പന്താംകുന്ന് കുടിവെള്ള പദ്ധതി -നികുതി കുറക്കാതെ പണം നൽകി. - 4436 രൂപ തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്റ്റ് | 3-4 |
| 22 | ഒരേ കെട്ടിടത്തിലെ പ്രവൃത്തികൾക്ക് 2 പ്രൊജക്റ്റുകൾ- അനാവശ്യ സമയ നഷ്ടം ഉണ്ടാക്കുന്നു | 3-5 |
| 23 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം | 3-6 |
| 24 | മെറ്റീരിയൽ പ്രവർത്തികൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്തതിൽ നിയമാനുസൃത നികുതികൾ ഒടുക്കിയിട്ടില്ല | 3-7 |
| 25 | മരുന്നുകൾ ലഭ്യമായില്ല | 3-8 |
| 26 | വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 3-9 |
| 27 | അംഗനവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ -സ്റ്റാൻറിംഗ് കമ്മറ്റിയുടെ ഇടപെടൽ, പരിമിതം | 3-10 |
| 28 | കൃഷി ഭവനിലേക്ക് അലമാര വാങ്ങൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-11 |
| 29 | രജിസ്റ്റേഡും 2017-18 ൽ റിന്യൂവൽ ചെയ്തതുമായ കോൾ പാടശേഖര സമിതിക്ക് പമ്പ് സെറ്റ് നൽകൽ | 3-12 |
| 30 | വൃദ്ധർക്ക് കട്ടിൽ വിതരണം എസ്.സി | 3-13 |
| 31 | വിവാഹധനസഹായം -എസ്.സി | 3-14 |
| 32 | പാലിന് സബ്സിഡി- | 3-15 |

| | | |
|---|---|---|
| | അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല. | |
| 33 | വീട് റിപ്പയർ-പദ്ധതി അപാകതകൾ | 3-16 |
| 34 | മൃഗാശുപത്രിയിലേക്ക് കസേര വാങ്ങൽ-സ്റ്റോക്കിൽ എടുത്തിട്ടില്ല | 3-17 |
| 35 | മുട്ടക്കോഴി വിതരണം -എസ്.സി.പി.-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-18 |
| 36 | പശു വളർത്തൽ, എസ്.സി (വനിത), പശുവളർത്തൽ ജനറൽ (വനിത)-പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. | 3-19 |
| | ഭാഗം-- 4 | |
| 37 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ [ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 40 | വായ്പ/വായ്പ തിരിച്ചടവ്. | 4-4 |
| 41 | സ്ഥിര നിക്ഷേപം | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 44 | ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18വർഷത്തെ പുതുക്കിയ ബജറ്റ് 28.03.2018 തിയ്യതിയിലെ 2 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക കണക്ക് ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച തിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| 31.07.2017 | 04.05.18 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.06.18 | കെ.എസ്.എ.എം.പി.എം.28/1089/2018 തീയതി 09.08.18 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ്സ്&പേമെന്റ്സ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17340349 |
| വരവ് | 97907401 |
| ആകെ | 115247750 |
| ചെലവ് | 92181464 |
| നീക്കിരിപ്പ് | 23066286 |

## 1-5 ഫണ്ട് വിനിയോഗം (ACRപ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 13228000 | 13228000 | 13097133 | 130867 | |
| വികസന ഫണ്ട് എസ്.സി.പി | 0 | 8194993 | 8194993 | 8103992 | 91001 | |
| വികസന ഫണ്ട് ടി.എസ്.പി | 0 | 10996 | 10996 | 00 | 10996 | |
| എം.ജി റോഡ് | 0 | 11518000 | 11518000 | 11469618 | 48382 | |
| SBT തനതുഫണ്ട് | 6361126 | 31210050 | 37571176 | 17561343 | 20009833 | |
| എം.ജി നോൺറോഡ് | 0 | 2992000 | 2992000 | 2930921 | 61079 | |
| 13-ാംധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 6212744 | 6212744 | 5677988 | 534756 | |
| കെ.എൽ.ജി.എസ്.ഡി.പി | 0 | 2146874 | 2146874 | 1659514 | 487360 | |
| വിപിഎഫ്എ1-TSB | 507636 | 00 | 507636 | 00 | 507636 | |
| TSB-0wn fund | 10282488 | 12111045 | 22393533 | 21155375 | 1238158 | |
| MGNREGS | 25302 | 12284603 | 12309905 | 12307231 | 2674 | |
| TSB joint venture ബ്ലോക്ക് പഞ്ചായത്ത് | 0 | 2846000 | 2846000 | 2207038 | 638962 | |

| | | | | | | |
|---|---|---|---|---|---|---|
| TSB joint venture ജില്ലാ പഞ്ചായത്ത് | | 3210000 | 3210000 | 1275000 | 1935000 | |
| SBT Shopping Complex | 6803 | 254 | 7057 | 0 | 7057 | |
| EMS ഭവന പദ്ധതി | 2065 | 67 | 2132 | 0 | 2132 | |
| SBT ഇ പേയ്മെന്റ് | 20580 | 21829 | 42409 | 649 | 41760 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 206 | 72934144 | 166 | 52486976 | 1 | 40 | 80.6 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 25302 | 847955 | 873257 | 870583 | 2674 |
| ഗുണഭോക്താക്കൾ നേരിട്ട് | 0 | 11436648 | 11436648 | 11436648 | 0 |
| | 25302 | 12284603 | 12309905 | 12307231 | 2674 |

## 1-8 ക്ഷേമ പദ്ധതികൾ ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 40920 | 73 |
| കർഷകതൊഴിലാളി പെൻഷൻ | 3184600 | 282 |
| വിധവപെൻഷൻ | 15791100 | 1286 |
| വാർദ്ധക്യകാലപെൻഷൻ | 27956800 | 2256 |
| വികലാംഗപെൻഷൻ | 4374900 | 886 |
| വയസ്സിന് മുകളിലുള്ള അവിവാഹിതകളുടെ പെൻഷൻ | 359600 | 46 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 690000 | 23 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.09.2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 20381/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1) ജീവനക്കാരുടെ പേഴ്സണൽ രജിസ്റ്റർ പരിശോധിച്ചതിൽ ആരും തന്നെ മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കി ക്ലോസ് ചെയ്യുന്നില്ല.
2) തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ , പരസ്യ നികുതി ഉൾപ്പെടെയുള്ളവ , കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 09.08.2018 | 07/18 | 09.08.18 |
| അക്കൌണ്ടന്റ്ജനറൽ ഓഡിറ്റ് | 24.08.2004 (2003-04) | 1997-98 മുതൽ 2003-04 വരെ | 13.09.2004 |

## 1-12 വാർഷിക കണക്കുകകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.ആസ്തി രജിസ്റ്റർ കാലികമാക്കി സമർപ്പിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ ബി-11 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്നതിനു മുമ്പുള്ള സ്ഥാവര ജംഗമ ആസ്തികൾ പൂർണ്ണമായും ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.നിക്ഷേപം ഇനത്തിലെ 14,600 രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

3. വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

4. സഞ്ചയ പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

5. ഹെഡ് മാസ്റ്റർ, വി.ഇ.ഒ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ടി.ആർ.7 എ കാഷ് ബുക്ക് ഉപയോഗിക്കുന്നില്ല.

6. 2016-17 വാർഷിക കണക്കുകളിന്മേൽ പുറപ്പെടുവിച്ച സാക്ഷ്യപത്രത്തിലെ അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യ നികുതി ഈടാക്കിയിട്ടില്ല

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ്- 209 പ്രകാരം, ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ പരസ്യം പ്രദർശിപ്പിക്കുന്നതിന് അംഗീകരിച്ച ബൈലോ പ്രകാരമുള്ള നിരക്കിൽ പരസ്യ നികുതി ഈടാക്കാൻ നിഷ്കർഷിച്ചിട്ടുണ്ട്. ദേശീയ പാതയോരമായതിനാലും അനധികൃതവും അപകടകരമായതും ആയ പരസ്യങ്ങൾ നിയന്ത്രിക്കാമെന്നതിനാലും തനതു വരുമാനങ്ങളിലെ പ്രധാന ഇനമായതിനാലും ഈ ഇനത്തിൽ വൻതുക പഞ്ചായത്തിനു ഓരോ വർഷവും

നഷ്ടപ്പെടുന്നുണ്ടെന്നതിനാലും നിയമപ്രകാരമുള്ള ബൈലോ തയ്യാറാക്കാനും പരസ്യ നികുതി ഈടാക്കാനും നടപടി സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉചിതമായ ഇടപെടൽ നടത്തേണ്ടതാണ്.

## 2-2 റേഷൻ കടകളുടെ ലൈസൻസ്,തൊഴിൽ നികുതി

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച് വിവരം ലഭ്യമല്ല. പഞ്ചായത്തിലെ മൊത്തം റേഷൻ കടകളുടെ എണ്ണം, സ്ഥിതി ചെയ്യുന്ന സ്ഥലം തുടങ്ങിയ വിവരങ്ങളും, മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കാനും ഓരോ അർദ്ധവർഷത്തിലെയും വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും, ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഇ – ടെണ്ടർ - ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടറുകൾ വഴിയാണ് സമർപ്പിച്ചിട്ടുള്ളത്. നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൌണ്ടിൽ കിടക്കുകയാണ്. പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൌണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ വരവ് വക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

| പ്രവൃത്തി | ടെണ്ടർ സമർപ്പിച്ചത് | ടെണ്ടർ ഫോമിന്റെ വില |
|---|---|---|
| GLPS ആലക്കോടിനു പാചകപ്പുര നിർമ്മാണം | ഷാലു.TV | 1344 |
| | റഫീഖ്.KA | 1344 |
| GLPS ചിയ്യാനൂർ പുനരുദ്ധാരണം | ഷാലു.TV | 1344 |
| | റഫീഖ്.KA | 1344 |
| | വിഷ്ണു.MV | 8000 |
| | വേലായുധൻ.M | 8000 |
| | ഷാലു.TV | 8000 |
| കാടാംകുണ്ടിൽ കാവിലപ്പാടം റോഡ് കോൺക്രീറ്റ് | റിജിൻ | 1140 |
| | ഷാലു.TV | 1140 |
| | റഫീഖ്.KM | 1140 |
| | ഗോപിനാഥൻ.PP | 1140 |
| | നന്ദകുമാർ.U | 1140 |
| | അനീഷ്.KV | 1140 |
| GLPS വടക്കുംമുറി ക്ലാസ്സ് റൂം നിർമ്മാണം | പ്രതീഷ്.KK | 2625 |
| | അനിൽകുമാർ.PK | 2625 |
| | ഷാജേഷ്.TV | 2625 |

| | | |
|---|---|---|
| അംഗനവാടി അറ്റകുറ്റ പണികൾ | റിജിൻ | 1365 |
| | അനീഷ്.KV | 1365 |
| | ദിലീഷ്.TP | 1365 |
| | | 48186 |

ടെണ്ടർ ഫോറത്തിന്റെ വില ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വക്കേണ്ടതാണ്.

## 2-4 കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ /അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ.

(1) കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമ്മിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചകൾ ഉള്ളതായി കാണുന്നു. ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്.പല അപേക്ഷകളിലും അപേക്ഷ അനുവദിച്ച വിവരമോ ഫീസ് ഈടാക്കിയ വിവരമോ രേഖപ്പെടുത്തിയിട്ടില്ല.

(2) അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും , എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി അപേക്ഷയിൽ തന്നെ ' നിർമ്മാണം കെ.പി.ബി.ആർ ചട്ടങ്ങൾക്ക് വിധേയമാണ് / അല്ല എന്ന് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തി സെക്ഷന് നൽകുകയാണ് ചെയ്യുന്നത്. സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ്, കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ എന്നിവ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ സൂക്ഷ്മമായി രേഖപ്പെടുത്തുന്നില്ല.

(3) കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാതെ നിരസിക്കുന്ന അപേക്ഷകളിൽ അനധികൃതമായി നിർമ്മാണം തുടരുന്നുണ്ടോ എന്നത് അന്വേഷിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

ഇക്കാര്യത്തിൽ കൂടുതൽ ഫലപ്രദമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.

## 2-5 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ -അസി.എഞ്ചിനീയർ

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. 2017-18 വർഷത്തിൽ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം തനത് വരുമാനത്തിന് നഷ്ടം

1912 രൂപ. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഭാവിയിൽ നിർവഹണം നടത്തുന്ന പ്രവൃത്തികളിൽ കളക്ഷൻ ചാർജ് ഈടാക്കുന്നതാണെന്ന് അറിയിച്ചു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടത്തിൽ അറ്റകുറ്റ പണി

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

സാംസ്കാരിക നിലയം അറ്റകുറ്റപണി (S0058/18)

എം. ബുക്ക് - 87/16-17 കരാർ - 110/30.3.17

മൂല്യനിർണ്ണയം - 216250 ബിൽ - 29/15.1.18

കരാറുകാരൻ - റഫീക്ക് .KA

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള സാംസ്കാരിക നിലയം (മൂന്ന് നില കെട്ടിടം) അറ്റ കുറ്റ പണി നടത്തുന്നതിന് വേണ്ടി 216250 രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിടത്തിൽ ടൈൽസ്, പെയിന്റിംഗ്, ഹാൻഡ് ഗ്രിൽ, ജനൽ ഷട്ടറുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്ക് വേണ്ടിയാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഇതേ കെട്ടിടത്തിൽ 2009-10 വർഷത്തിൽ അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ടൈൽസ് വിരിക്കുന്നതിനും മറ്റു അറ്റകുറ്റ പണികൾക്കുമായി 86966 രൂപ ചെലവഴിച്ചിട്ടുണ്ട് (2009-10 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്). അന്ന് മുതൽ ഓഡിറ്റ് തിയതി (24.9.18) വരെ ഗ്രാമ പഞ്ചായത്ത് കെട്ടിടം തനത് ആവശ്യത്തിന് വേണ്ടി ഉപയോഗിക്കുകയോ വാടകക്ക് നൽകുകയോ ചെയ്തിട്ടില്ല. 18.9.18 ന് ഓഡിറ്റിന്റെ ഭാഗമായി പ്രവൃത്തി സ്ഥലം നേരിൽ സന്ദർശിച്ചതിൽ കെട്ടിടം ശോചനീയമായ അവസ്ഥയിൽ വൃത്തിഹീനമായി കിടക്കുന്നതായി കണ്ടു. കെട്ടിടത്തിന്റെ താക്കോൽ കെട്ടിടത്തിന്റെ മുൻവശത്ത് വെറ്റില കച്ചവടം നടത്തുന്ന കടക്കാരന്റെ കൈയിൽ നിന്നുമാണ് ലഭ്യമായിട്ടുള്ളത്. മാത്രമല്ല കെട്ടിടത്തിനുള്ളിലേക്കുള്ള വാതിലുകൾ, ജനവാതിലുകൾ എന്നിവ തുറന്നു കിടന്നിരുന്നു. ഇതിലൂടെ വരുന്ന പൊടി, മണ്ണ് എന്നിവ നിറഞ്ഞ് റൂമുകൾ വൃത്തിഹീനമായിട്ടുണ്ട്. തനത് ആസ്തികൾ സംരക്ഷിക്കുന്നതിൽ ഗ്രാമ പഞ്ചായത്തിനുണ്ടായ ഗുരുതര വീഴ്ചയാണിത് കാണിക്കുന്നത്. കെട്ടിടം ഗ്രാമ പഞ്ചായത്ത് തലത്തിൽ ഉപയോഗപ്പെടുത്തുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നോ കെട്ടിടം വാടകക്ക് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നോ ഇതുവരെ ഫലപ്രദമായ ഇടപെടൽ ഉണ്ടായിട്ടില്ല. 2009-10 വർഷ ഓഡിറ്റിന്റെ ഭാഗമായി 23.11.2013 ന് സ്ഥലം നേരിൽ പരിശോധിച്ചപ്പോൾ ടൈൽസ് പൊട്ടിപൊളിഞ്ഞ നിലയിലും വാതിലുകൾ അടക്കാൻ പറ്റാത്ത നിലയിലുമാണ് കാണപ്പെട്ടത്. പ്രസ്തുത കെട്ടിടം നല്ല രീതിയിൽ ഉപയോഗയുക്തമാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് തലത്തിൽ ഉപയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് 2009-10 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ തനത് ആസ്തി സാമൂഹ്യ വിരുദ്ധർക്ക് വേണ്ടി തുറന്നു കൊടുത്ത അവസ്ഥയിലാണ് കിടക്കുന്നത്. കെട്ടിടം ഇത്രയും വർഷങ്ങളായി ഉപയോഗിക്കാതിരിക്കാനുള്ള കാരണം, വാടകക്ക് നൽകാതിക്കാനുള്ള കാരണം , ഉപയോഗിക്കപ്പെടാത്ത കെട്ടിടത്തിൽ പണം ചെലവഴിക്കാനുള്ള കാരണം എന്നിവ ബോധ്യപ്പെടുത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് കെട്ടിടത്തിന്റെ താക്കോൽ പഞ്ചായത്തിൽ സൂക്ഷിക്കാതെ മറ്റുള്ളവരുടെ കൈവശം സൂക്ഷിക്കുന്നതും ക്രമവിരുദ്ധമായ നടപടിയാണ്. കെട്ടിടം ഗ്രാമ പഞ്ചായത്ത് തലത്തിൽ ഉപയോഗപ്പെടുത്തുന്നതിനോ വാടകക്ക് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനോ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും അടിയന്തിരമായി നടപടി ഉണ്ടാകേണ്ടതാണ്. ഇതിൻമേൽ സ്വീകരിച്ച തുടർനടപടിയും മേൽ അപാകതകൾക്ക് തൃപ്തികരമായ വിശദീകരണവും ഓഡിറ്റ് റിപ്പോർട്ടിനുള്ള റെക്ടിഫിക്കേഷൻ റിപ്പോർട്ടിൽ ലഭ്യമാക്കേണ്ടതാണ്.

### 3-2 അംഗനവാടി പുനരുദ്ധാരണം -അപാകത

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രൊജക്റ്റ് -SO190/18

എം. ബുക്ക് - 71/17-18

കരാർ - 110/30.11.17

മൂല്യനിർണ്ണയം - 145309 രൂപ

ബിൽ - 98/28.3.18

കരാറുകാരൻ - ശ്രീ. നിയാസ്.MP

3-ാം നമ്പർ അംഗനവാടി കെട്ടിടത്തിന്റെ നിലവിലുള്ള പഴയ റൂഫിംഗ് (Truss work) പൊളിച്ച് മാറ്റി പുതിയ റൂഫിംഗ്, പെയിന്റിംഗ് മറ്റ് അറ്റകുറ്റ പണികൾ എന്നിവയ്ക്കാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നിലവിലുള്ള ചുമരിന് ഭാരം നൽകാതെ 4 വശങ്ങളിലും പോസ്റ്റ് നൽകി അതിന് മുകളിൽ ട്രസ്സ് വർക്ക് ചെയ്തിട്ടാണ് റൂഫിംഗ് നടത്തിയിട്ടുള്ളത്. 18.9.18 ന് ഓഡിറ്റിന്റെ ഭാഗമായി പ്രവൃത്തി നേരിൽ പരിശോധിച്ചു. പ്രവൃത്തിയിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1). ഏകദേശം 3 മീറ്റർ ഉയരത്തിലായിട്ടാണ് വശങ്ങളിൽ പോസ്റ്റ് കൊടുത്തിട്ടുള്ളത്. അതിന് മുകളിൽ ട്രസ്സ് വർക്ക് ചെയ്ത് GI Trafford Sheet ഇട്ടിട്ടുണ്ട്. ഉയരം കൂടുതൽ ഇല്ലാത്തതിനാലും മുകൾ വശം ഷീറ്റ് ആയതിനാലും കെട്ടിടത്തിന് ഉള്ളിൽ ചൂട് വളരെ കൂടുതലാണ്.

2). കെട്ടിടത്തിന് പഴയ ചുമരായതിനാൽ പുറത്ത് കൂടി ഒഴുകി പോകുന്ന വെള്ളം ഒരു വശത്ത് കൂടി കെട്ടിടത്തിനുള്ളിലേക്ക് കയറുന്ന സാഹചര്യം ഉണ്ട്.

3). ട്രസ്സ് വർക്കിനും നിലവിലുള്ള ചുമരിനും ഇടയിൽ വലിയ ഗ്യാപ്പ് ഉള്ളതിനാൽ മഴക്കാലത്ത് വെള്ളം മുകളിൽ നിന്നും വീശിയടിച്ച് കെട്ടിടത്തിന് ഉൾവശത്ത് വീഴാൻ സാധ്യത കൂടുതലാണ്.

4). കെട്ടിടത്തിൽ മുൻ പദ്ധതികളിലായി 90% ടൈൽസ് വിരിച്ചിട്ടുണ്ടെങ്കിലും 10% ഭാഗം ടൈൽസ് വിരിച്ചിട്ടില്ല.

കെട്ടിടത്തിന്റെ ആവശ്യകതക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ട് വകയിരുത്തിയിട്ടില്ല എന്ന് സ്ഥല പരിശോധനയിൽ നിന്നും ഓഡിറ്റിന് ബോധ്യപ്പെട്ടു. നിലവിലുള്ള അപാകതകൾ പരിഹരിക്കാതെ ഒരു ഫണ്ട് വച്ച് അതിൽ ഉൾകൊള്ളുന്ന പ്രവൃത്തി നടത്തിയത് മൂലം കെട്ടിടം അപൂർണ്ണമായി നിലകൊള്ളുന്നു. കെട്ടിടത്തിന്റെ അപാകതകൾ പരിഹരിക്കുന്നതിനു വേണ്ടി തുടർ വർഷങ്ങളിലും പദ്ധതികൾ തയ്യാറാക്കുമ്പോൾ ഈയിനത്തിൽ നടത്തിയ ചെലവുകൾ അനാവശ്യ ചെലവുകളായി മാറുന്നു. ലഭ്യമാകുന്ന ഫണ്ട് ഗ്രാമ പഞ്ചായത്തിന്റെ വാർഡുകളിൽ തുല്യമായി വിഭജിക്കുന്നത് മൂലം മരാമത്ത് പ്രവൃത്തികളിലൂടെ ഉണ്ടാക്കുന്ന പല ആസ്തികളും അപൂർണ്ണമായി നിലകൊള്ളുകയും ആയതിന്റെ ഗുണം ഗുണഭോക്താക്കൾക്ക് ലഭിക്കാതെ പോവുകയും ചെയ്യുന്നു. മേൽ പ്രവൃത്തിയിൽ ഗുണഭോക്താക്കൾ കുട്ടികൾ ആണെന്നുള്ള പരിഗണനപോലും പദ്ധതി തയ്യാറാക്കി ഫണ്ട് വകയിരുത്തുമ്പോൾ പരിഗണിച്ചില്ല. ഫണ്ട് വിഭജനം മൂലമുള്ള ഗുരുതരമായ വീഴ്ചയാണ് ഇത് കാണിക്കുന്നത്. യഥാർത്ഥത്തിൽ ആവശ്യകത പരിഗണിച്ച് നിലവിലുള്ള കെട്ടിടം പൊളിച്ച് മാറ്റി പുതിയ കെട്ടിടം പണിയുന്നതിന് എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതിന് പകരം ചെറിയ തുക ഫണ്ട് അനുവദിച്ച് പേരിന് പ്രവൃത്തി നടത്തുന്ന പ്രവണത ഗ്രാമ പഞ്ചായത്ത് അവസാനിപ്പിക്കേണ്ടതുണ്ട്. അനാവശ്യമായി പ്രൊജക്റ്റ് തയ്യാറാക്കി പണം ചെലവഴിക്കുകയും (സാംസ്കാരിക നിലയം പുനരുദ്ധാരണം), മറ്റ് പദ്ധതികൾക്ക് ആവശ്യമായ തുക വകയിരുത്താതെയും പദ്ധതികൾ നിർവഹിക്കുന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ വീഴ്ചകളാണ് കാണിക്കുന്നത്. റോഡുകളിലോ കെട്ടിടങ്ങളിലോ പ്രവൃത്തി നടത്തുമ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട സ്ഥലം നേരിൽ പരിശോധന നടത്തി പ്രവൃത്തിക്ക് ആവശ്യമായ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അതിനനുസരിച്ചുള്ള ഫണ്ട് നിർബന്ധമായും വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരത്തിൽ വരുന്ന പദ്ധതികൾക്ക് ആവശ്യകത പരിഗണിച്ച് ഫണ്ട് വകയിരുത്തി അംഗീകാരം നൽകുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായ ഇടപെടൽ നടത്തേണ്ടതാണ്.

## 3-3 ടെണ്ടർ ഇളവ് കുറക്കാതെ കരാറുകാർക്ക് തുക നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ Tender below കുറവ് ചെയ്യാതെ കരാറുകാർക്ക് തുക അനുവദിച്ചതിനാൽ പ്രവൃത്തികളിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ

| പ്രൊജക്ട് | കരാറുകാരൻ | കരാറുകാരന് അനുവദിക്കാവുന്ന തുക | കരാറുകാരന് അനുവദിച്ച തുക | അധികം |
|---|---|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് കോമ്പൗണ്ട് റീടാറിംഗ് (SO026/18)<br>എം. ബുക്ക് - 14/17-18<br>കരാർ - 96/28.3.17<br>Tender below – 2.3%<br>മൂല്യനിർണ്ണയം - 2,43,670<br>ബിൽ - 93/23.3.18 | ശ്രീ.റഫീക്ക് .കെ.എ | മൂല്യനിർണ്ണയം - 2,43,670 (-)<br>ടെണ്ടർ കുറവ് - 5604 = 2,38,066<br>IT - 2380<br>KCWF - 2380<br>- 2,33,306 | 238796 | 5490 |
| താടിപ്പടി പള്ളിക്കുന്ന് റോഡ് റീടാറിംഗ് (SO035/18)<br>എം. ബുക്ക് - 11/17-18<br>കരാർ - 91/28.3.17<br>Tender below – 4%<br>മൂല്യനിർണ്ണയം - 4,00,000<br>ബിൽ - 89/20.3.18 | ശ്രീ. വി.ചന്ദ്രൻ | മൂല്യനിർണ്ണയം - 4,00,000 (-)<br>ടെണ്ടർ കുറവ് - 16000 = 3,84,000<br>IT - 3840<br>KCWF - 3840<br>- 3,76,320 | 3,92,000 | 15680 |
| 13 ാം നമ്പർ അംഗനവാടി പുനരുദ്ധാരണം (SO044/18)<br>എം. ബുക്ക് - 10/17-18<br>കരാർ - 92/28.3.17<br>Tender below – 10%<br>മൂല്യനിർണ്ണയം - 115667<br>ബിൽ - 65/7.3.18 | ശ്രീ.നിഷാദ്.പി.എ | മൂല്യനിർണ്ണയം - 1,15,667 (-)<br>ടെണ്ടർ കുറവ് - 11567 = 1,04,100<br>IT - 1041<br>KCWF - 1041<br>- 1,02,018 | 1,13,353 | 11335 |
| ആകെ | | | | 32505 |

ഓഡിറ്റ് അന്വേഷണം (നം. 1 / 18.9.18) നൽകിയതിന്റെ അടിസ്ഥാനത്തിൽ 32505 രൂപ 6572601 / 25.9.18 നമ്പർ രസീത് പ്രകാരം തിരിച്ചടച്ചു.

## 3-4 പന്താംകുന്ന് കുടിവെള്ള പദ്ധതി -നികുതി കുറക്കാതെ പണം നൽകി. - 4436 രൂപ തിരിച്ചടച്ചു

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജ് അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത് നിലവിലുള്ള നികുതികൾ

അടവാക്കുന്നതിനാണ് എന്നാണ് ഇതുസംബന്ധിച്ച സർക്കാർ കത്തിൽ വ്യക്തമാക്കിയത്. GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ആദായ നികുതി, നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ മാത്രമെ നിലവിൽ അടക്കേണ്ടി വരുന്നുള്ളൂ. ലഭേച്ഛയില്ലാതെ പ്രവർത്തിക്കേണ്ട ഗുണഭോക്തൃസമിതികൾക്ക് നികുതി വിഹിതം അടക്കുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ തുക നികുതി അടവാക്കേണ്ടതില്ലാത്ത സാഹചര്യത്തിൽ കൺവീനർക്ക് അനുവദിക്കേണ്ടതില്ല. GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ഗുണഭോക്തൃ സമിതികൾക്ക് ഫൈനൽ ബിൽ നൽകുമ്പോൾ എസ്റ്റിമേറ്റിൽ 7.5 % ഓവർഹെഡ് ചാർജ്ജ് അനുവദിച്ച പ്രവൃത്തികളിൽ 5% കുറവ് ചെയ്ത് ബിൽ നൽകേണ്ടതാണ് എന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 ലെ ഡി.ബി3-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലും വ്യക്തമാക്കിയിട്ടുണ്ട്. താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ നിയമാനുസൃത നികുതി കുറവ് ചെയ്യാത്തതിനാലാണ് കൺവീനർമാർക്ക് അധികം തുക നൽകാനിടയുണ്ടായത്. പ്രവൃത്തിയുടെ പാർട്ട് ബില്ലിൽ നിന്നും 5 % മൂല്യ വർദ്ധിത നികുതി കുറവ് ചെയ്യുന്നതിന് പകരം 4% മാണ് കുറവ് ചെയ്തിട്ടുള്ളത്. മാത്രമല്ല ഫൈനൽ ബില്ലിൽ നിന്നും മൂല്യ വർദ്ധിത നികുതി കുറവ് ചെയ്തിട്ടില്ല.

| |
|---|
| (SOO58/18)<br>എം. ബുക്ക് - 90/16-17<br>കരാർ - 107/30.3.17<br>മൂല്യനിർണ്ണയം - 2,03,612<br>ബിൽ - 23/31.8.17- 114912<br>-38/15.1.18-88700<br>കരാർ -107/30.3.17<br>കൺവീനർ - ശ്രീ.കെ.ബാലകൃഷ്ണൻ |

| കൺവീനർക്ക് അനുവദിക്കാവുന്നത് | കൺവീനർക്ക് അനുവദിച്ചത് | അധികം | ചെക്ക് മെഷർ തിയ്യതി |
|---|---|---|---|
| മൂല്യനിർണ്ണയം - 2,03,612 (-)<br>VAT - 10181<br>IT - 4072<br>KCWF - 2036<br>- 1,87,323 | മൂല്യനിർണ്ണയം - 2,03,612 (-)<br>VAT - 5746<br>IT - 4072<br>KCWF - 2036<br>- 1,91,759 | 4436 | Part Bill – 16.5.17<br>Final Bill – 24.10.17 |

ഓഡിറ്റ് അന്വേഷണം (2 / 24.9.18) നൽകിയതിന്റെ അടിസ്ഥാനത്തിൽ 4436 രൂപ 6572602 / 25.9.18 നമ്പർ രസീത് പ്രകാരം തിരിച്ചടച്ചു.

## 3-5 ഒരേ കെട്ടിടത്തിലെ പ്രവൃത്തികൾക്ക് 2 പ്രൊജക്റ്റുകൾ- അനാവശ്യ സമയ നഷ്ടം ഉണ്ടാക്കുന്നു

നിർവഹണ ഉദ്യോഗസ്ഥൻ -അസി.എഞ്ചിനീയർ

| പ്രൊജക്ട് നം | ചെലവ് |
|---|---|
| 196/18 | 199957 |
| 22/18 | 108913 |

ഗ്രാമ പഞ്ചായത്തിലെ 14-ം നമ്പർ അംഗനവാടി കെട്ടിടത്തിൻമേൽ 2017-18 വർഷത്തിൽ തന്നെ 2 പ്രൊജക്റ്റ് വച്ച് പ്രവൃത്തി നടത്തി. മേൽ പ്രൊജക്ടുകളിലെ ടെണ്ടറുകൾ ഒന്ന് ടെണ്ടർ കുറവിലും ഒന്ന് എസ്റ്റിമേറ്റ് നിരക്കിലുമാണ് അംഗീകരിച്ചു നടപ്പിലാക്കിയിട്ടുള്ളത്. Flooring, Roofing, Painting എന്നീ പ്രവൃത്തികളാണ് രണ്ട് പ്രവൃത്തികളിലായി നടപ്പിലാക്കിയിട്ടുള്ളത്. ഒരേ കെട്ടിടത്തിൽ വരുന്ന പ്രവൃത്തികളായതിനാൽ കെട്ടിടത്തിന്റെ ആവശ്യകത പരിഗണിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ഒറ്റ പ്രൊജക്റ്റിൽ പ്രവൃത്തി നിർവഹിക്കുന്നതിന് പകരം 2 പദ്ധതികളിലായി പ്രവൃത്തി നിർവഹിച്ചതിനാൽ പ്രവൃത്തി നർവഹണത്തിന് വേണ്ടിയും മറ്റ് ടെണ്ടർ നടപടിക്രമങ്ങൾക്ക് വേണ്ടിയും ഫയൽ വർക്കിന് വേണ്ടിയും അനാവശ്യമായി സമയം ചെലവഴിച്ചു. ഒറ്റ പ്രൊജക്റ്റ് ആയി ടെണ്ടർ വിളിച്ചിരുന്നെങ്കിൽ മൽസരാധിഷ്ഠിത ടെണ്ടർ ചെയ്യാൻ സാധിക്കുമായിരുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 127 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 97 പ്രൊജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 76% പ്രൊജക്ടുകളാണ് തൻവർഷം പൂർത്തീകരിച്ചത്. പദ്ധതി ചെലവ് 66% മാത്രമാണ്. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 47 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 11 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സർക്കാരിൽ നിന്നും ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിലായി ലഭിച്ച ഗ്രാന്റ് തുകയിൽ വൻ തുക നഷ്ടപ്പെടുന്നതിനും പദ്ധതി നിർവ്വഹണത്തിലെ ഈ പിന്നോക്കാവസ്ഥ കാരണമായി.

ഗ്രാമ പഞ്ചായത്തിൽ 1അസിസ്റ്റന്റ് എഞ്ചിനീയറും 1ഓവർസിയറും 1 ക്ലാർക്കും (Daily Wages) അടക്കം ആകെ 3 ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വ്രഷത്തിൽ ഉണ്ടായിരുന്നത്. 50 മീറ്റർ ഉള്ളതും 100 മീറ്റർ ഉള്ളതുമായ ചെറിയ റോഡ് പ്രവൃത്തികളാണ് അധികം നിർവഹിച്ചിട്ടുള്ളത്. പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കണമെന്ന സർക്കാർ നിർദ്ദേശം നടപ്പിലാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

<u>മറ്റ് അപാകതകൾ</u>

1) <u>ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു.</u>

2017-18 വർഷത്തിൽ പഞ്ചായത്തിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഒരു പ്രവൃത്തിയിലും പ്രവൃത്തിനടത്തുന്ന റോഡിന്റെ ചെയിനേജ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

2) <u>ടെണ്ടർ ഫോറത്തിന്റെ വില തിരിച്ച് ഈടാക്കുന്നില്ല</u>

ഏതാനും മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടറുകൾ വഴിയാണ് സമർപ്പിച്ചിട്ടുള്ളത്. നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൌണ്ടിൽ കിടക്കുകയാണ്. പഞ്ചായത്തിനു അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൌണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൌണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ വരവ് വക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3) <u>കളക്ഷൻ ചാർജ്</u>

നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. കളക്ഷൻ ചാർജ് ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

4) സൈറ്റ് കണ്ടീഷൻ അനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നില്ല

പ്രവൃത്തിക്ക് ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നില്ല. (ഖണ്ഡിക 3.2 കാണുക).

5) രേഖകളുടെ സൂക്ഷിപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ സൂക്ഷിക്കാൻ നിർദ്ദേശിച്ച താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ

ടെണ്ടർ ഫോറം വില്പന രജിസ്റ്റർ

ഇ.എം.ഡി രജിസ്റ്റർ

എസ്റ്റിമേറ്റ് രജിസ്റ്റർ

വെൽഫയർ ഫണ്ട് രജിസ്റ്റർ

കൂടാതെ ഓഫീസിൽ സൂക്ഷിച്ച ടെണ്ടർ രജിസ്റ്റർ, പ്രൊജക്ട് രജിസ്റ്റർ എന്നിവയിൽ പൂർണ്ണമായി രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

6).റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തുന്നില്ല

മിക്ക മരാമത്ത് പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഈടാക്കേണ്ട പിഴ സംബന്ധിച്ച് പുതുക്കിയ PWD മാന്വൽ പ്രകാരമുള്ള നിബന്ധനകളും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.പ്രവൃത്തി പൂർത്തീകരണ സമയം വ്യക്തമാക്കാതെയും , കരാറിൽ പിഴ സംബന്ധിച്ച വ്യവസ്ഥകൾ ശരിയായി ഉൾപ്പെടുത്താതെയും കരാർ ചമച്ചത് ശരിയല്ല. ഭാവിയിൽ ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതാണ്. ഏതാനും അളവ് പുസ്തകങ്ങളിൽ കരാറുകാരന്റെ പേര് രേഖപ്പെടുത്തിയിട്ടില്ല. ഫീൽഡ് വിസിറ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നില്ല.

അപാകതകൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-7 മെറ്റീരിയൽ പ്രവർത്തികൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്തതിൽ നിയമാനുസൃത നികുതി ഒടുക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

താഴെ പറയുന്ന പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി ശ്രീ. U.V.സിദ്ദിഖ് എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് (26.8.2016 ലെ 2ാം നമ്പർ തീരുമാനം) കരാറിന്റെ അടിസ്ഥാനത്തിൽ മെറ്റീരിയൽ പർച്ചേസ് നടത്തിയിട്ടുണ്ടെങ്കിലും ഇവരിൽ നിന്നും ആദായ നികുതി (1%) (Income Tax Act Sec 194 (C) അടച്ചതിന്റെ രേഖകൾ ലഭ്യമായിട്ടില്ല. പ്രവൃത്തികൾ 2017-18 വർഷത്തിലാണ് നിർവഹിച്ചിട്ടുള്ളത്. മേൽ കരാറുകാരന്റെ അക്കൗണ്ടിലേക്കാണ് (vender) നികുതി ഉൾപ്പെടെയുള്ള മെറ്റീരിയൽസിന്റെ തുക ക്രെഡിറ്റ് (FTO) ചെയ്തിട്ടുള്ളത്. എന്നാൽ നികുതി അടവാക്കി ആയതിന്റെ രേഖകൾ ഗ്രാമ പഞ്ചായത്തിൽ ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തി | മെറ്റീരിയൽസ് സപ്ളൈ ചെയതതന് അനവദിച്ച തുക | ഈടാക്കേണ്ട IT (1%) |
|---|---|---|---|
| 1 | ചെനങ്ങാടത്ത് ഇടവഴി കോൺക്രീറ്റിംഗ് | 255306 | 2553 |
| 2 | പറയന്റെ വളപ്പിൽ ഇടവഴി കോൺക്രീറ്റിംഗ് | 128613 | 1286 |
| 3 | ഉദിനിപറമ്പ് ടവർ റോഡ് കോൺക്രീറ്റിംഗ് | 96678 | 967 |
| 4 | പന്താവൂർ അരുളാത്ത് താഴം റോഡ് കോൺക്രീറ്റിംഗ് | 126951 | 1270 |
| 5 | കച്ചക്കാരൻ ഇടവഴി കോൺക്രീറ്റിംഗ് | 129121 | 1291 |
| 6 | 4 സെന്റ് കോളനി റോഡ് കോൺക്രീറ്റിംഗ് | 95812 | 958 |
| 7 | കക്കിടിപ്പുറം ഹരിജൻ കോളനി റോഡ് കോൺക്രീറ്റിംഗ് | 125440 | 1254 |
| 8 | തച്ചപറമ്പ് ഹിളർ മസ്ജിദ് റോഡ് കോൺക്രീറ്റിംഗ് | 126390 | 1264 |
| 9 | മനക്കൽ കുന്ന് സുലൈമാൻ മാഷ് ഇടവഴി റോഡ് കോൺക്രീറ്റിംഗ് | 101975 | 1020 |
| | | | 11863 |

അനവദിച്ച തുകയിൽ നിന്നും ആദായ നികുതിയിനത്തിൽ (1%) 11863 രൂപ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുകയോ അല്ലാത്ത പക്ഷം ടിയാനിൽ നിന്നും തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഓഡിറ്റ്

അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-8 മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (PHC) നിർവ്വഹണം നടത്തിയ പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്റ്റിന്റെ ഭാഗമായി മരുന്ന് വിതരണം ചെയ്യുന്നതിനായി താഴെ കാണും പ്രകാരം KMSCL -ന് തുക മുൻകൂറായി നൽകിയിട്ടുണ്ട് . എന്നാൽ തുക കൈപ്പറ്റി നാളിത് വരെയായിട്ടും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് വിവരം | ബിൽ നമ്പർ/തീയതി | തുക | മോഡ് ഓഫ് പേമെന്റ് |
|---|---|---|---|
| S00120/17-18<br>പരിരക്ഷ പാലിയേറ്റീവ് പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ | 14/17-18 /26.03.2018 | 352700 | ട്രാൻസ്ഫർ ക്രെഡിറ്റ് |
| S00125/17-18<br>പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ | 13/17-18 /26.03.2018 | 50000 | ട്രാൻസ്ഫർ ക്രെഡിറ്റ് |
| ആകെ | | 402700 | |

402700/- രൂപയുടെ മരുന്ന് ലഭ്യമാക്കിയതിന്റെ സ്റ്റോക്ക വിവരം ലഭ്യമാക്കുന്നത് വരെ തുക തടസത്തിൽ വെക്കുന്നു.

## 3-9 വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

മഴക്കാല പൂർവ ശുചീകരണ പ്രവർത്തികൾക്കായി തനതു ഫണ്ടിൽ നിന്നും വി.ഇ.ഒ.ക്കു -10000രൂപ-ഗ്രീഷ്മോത്സവം-(വൗച്ചർ നം.141/17.5.2017)നല്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

കൂടാതെ മഴക്കാല പൂർവ ശുചീകരണ പ്രവർത്തികൾക്കായി മെഡിക്കൽ ഓഫിസർ,പി.എച്ച്.സി.ക്കും 190,000 രൂപ (വൗച്ചർ നം. 482/19.9.2017 ) നല്കിയിട്ടുണ്ട്. ആയതിൽ 160000 രൂപയുടെ ചെലവു രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ശേഷിക്കുന്ന 30000 രൂപയുടെ വിനിയോഗ വിവരങ്ങൾ കൂടി ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ 40000 രൂപ തടസപ്പെടുത്തുന്നു.

## 3-10 അംഗനവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ -സ്റ്റാൻറിംഗ് കമ്മറ്റിയുടെ ഇടപെടൽ പരിമിതം

ഓഡിറ്റ് വർഷം നടപ്പാക്കിയ അനുപൂരക പോഷകാഹാര പരിപാടി പ്രൊജക് ലക്ഷ്യം കൈവരിച്ചിട്ടുണ്ട്.ഗ്രാമ പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം സെന്റർ നമ്പർ 19,10,27,150,22,157 എന്നീ അംഗൻവാടികൾക്ക് സ്ഥലവും കെട്ടിടവും ഉണ്ടാകേണ്ടത് ദീർഘകാലാടിസ്ഥാനത്തിലുള്ള ലക്ഷ്യമായി കണക്കാക്കിയിട്ടുണ്ട്.2017-18 വർഷത്തിൽ ഇതിൽ 60% ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നതായി വ്യക്തമാക്കിയിട്ടുണ്ട്.ഇതിൽ മൂന്ന് കെട്ടിടം നിർമ്മിക്കുന്നതിന് പ്രൊജക്റ്റ് തയ്യാറാക്കുകയും നിർമാണത്തിനായി തുക ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്റ്ററുടെ അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

അംഗൻവാടി നമ്പർ 9 (പ്രൊജക്റ്റ് 183/18) ജില്ലാ പഞ്ചായത്ത് വിഹിതം 5 ലക്ഷം രൂപ

അംഗൻവാടി നമ്പർ 19 (പ്രൊജക്റ്റ് 184/18) CFCവിഹിതം 5 ലക്ഷം രൂപ

അംഗൻവാടി നമ്പർ 10 (പ്രൊജക്റ്റ് 185/18) CFC വിഹിതം 5 ലക്ഷം രൂപ എന്നിങ്ങനെ കൈമാറിയിട്ടുണ്ടെങ്കിലും കെട്ടിടം പണി ആരംഭിച്ചതായി കാണുന്നില്ല.ഇക്കാര്യത്തിൽ തുടർ നടപടി സംബന്ധമായ ചർച്ചകൾ ഒന്നും തന്നെ ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ച ചെയ്തതായി കാണുന്നില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

പദ്ധതി മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം സംബന്ധിച്ച് റെക്ടിഫിക്കേഷൻ റിപ്പോർട്ടിൽ അറിയിക്കേണ്ടതാണ്.

## 3-11 കൃഷി ഭവനിലേക്ക് അലമാര വാങ്ങൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം.74/18 – കൃഷി ഭവനിലേക്ക് അലമാര വാങ്ങൽ എന്ന പദ്ധതിയ്ക്കായി ലഭിച്ച ക്വട്ടേഷനുകളിൽ ഭരണ സമിതിയുടെ 20.02.18 ലെ 1(3) നമ്പർ തീരുമാന പ്രകാരം ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത ബിന്ദു സ്റ്റീൽ ഫർണ്ണീച്ചർ ,എടപ്പാൾ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ,സ്ഥാപനത്തിലേക്കാവശ്യമായ 3 സ്റ്റീൽ അലമാരകൾ (8450/- രൂപ വിലയുള്ളത്) 25350/ രൂപക്ക് ഇൻവോയ്സ് നം. 132/23.02.18 പ്രകാരംവാങ്ങിയിട്ടുണ്ട്.ആയതിന്റെ ഇൻവോയ്സിൽ ജി.എസ്.ടി ഈടാക്കിയിട്ടില്ല.സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.ആയത് സ്റ്റോക്കിലെടുത്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.ചെലവഴിച്ച തുക 25350/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 പാടശേഖര സമിതിക്ക് പമ്പ് സെറ്റ് നൽകൽ- അപാകതകൾ

പ്രോജക്റ്റ് നം.208/18

വകയിരുത്തിയ തുക

പദ്ധതി വിഹിതം55000/-

ബ്ലോക്ക് വിഹിതം550000

ആകെ 605000

ചെലവഴിച്ച തുക

ബിൽ നം തി -12/22.03.18 - 55000/-

ചെക്ക് നം. 7500152 dt.20.03.18 528095

ആകെ 583095

മേൽ പ്രോജക്റ്റ് പ്രകാരം താഴെ പറയുന്ന പാടശേഖര സമിതികൾ നേരിട്ട് കെയ്കോയിൽ നിന്നും പമ്പ് സെറ്റ് വാങ്ങുകയും ആയതിന്റെ സബ്സിഡി തുക കെയ്കോക്ക് കൈമാറുകയുമാണ് ചെയ്തിട്ടുള്ളത്. പാടശേഖരസമിതി നടത്തിയ വാങ്ങലുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പാടശേഖരസമിതിയുടെ പേര് | വാങ്ങിയ ഇനം | ഇൻവോയ്സ് നം.തി |
|---|---|---|---|
| 1 | ഒതള്ളൂർ പൂഴിക്കൽ പടവ് കർഷക നെല്ലുത്പാദക സമിതി | പെട്ടിപറ 20hpമോട്ടോർ | W-112/17-18 dt. 17.03.18 തുക-460000/- |
| 2 | പട്ടേരിതാഴം പാടശേഖര സമിതി ആലംകോട് | 25hp മോട്ടോർ | W-111/17-18 dt. 17.03.18 തുക -171100/- |

മേൽ പ്രോജക്റ്റ് പ്രകാരം 631000/- രൂപയുടെ ഇൻവോയ്സ് ഹാജരാക്കിയിട്ടുണ്ടെങ്കിലും ജിഎസ്.ടി ഒഴികെയുള്ള 583095/- രൂപയാണ് സബ്സിഡിയായി നൽകിയിട്ടുള്ളത്.എന്നാൽ തുക കൈമാറുന്നതിന് മുൻപ് സമിതിയുമായി എഗ്രിമെന്റ് വെച്ചിട്ടില്ല. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ തുക കൈമാറുന്നതിന് മുമ്പ് എഗ്രിമെന്റ് വെക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 വൃദ്ധർക്ക് കട്ടിൽ വിതരണം എസ്.സി. പദ്ധതി നടത്തിപ്പിലെ അപാകത

പ്രോജക്റ്റ് നം 67/18, 121/18

ബിൽ നം. (ജനറൽ) 09/18.01.18 തുക 171336/- രൂപ
ബിൽ നം. (എസ്.സി) 12/18.01.18, തുക 210000/- രൂപ, 13/19.01.18 തുക 47894/- രൂപ

വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതി പ്രകാരം അയങ്കലം വുഡ് ഇൻഡസ്ട്രീസ്, അയങ്കലം എന്ന സ്ഥാപനത്തിൽ നിന്നും എസ്.സി. വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് ഇൻവോയ്സ് നം. 38/15.01.18 പ്രകാരം 67 കട്ടിലുകളും (തുക 257894), ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് ഇൻവോയ്സ് നം. 39/15.01.18 പ്രകാരം 44 കട്ടിലുകളും (തുക 171336) വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഫയലുകൾ പരിശോധിച്ചതിൽ വിവിധ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

കട്ടിൽ വിതരണം (എസ്.സി) പ്രൊജക്റ്റ് നം. 67/18

| ക്രമ നം | പേര് ,മേൽവിലാസം | റിമാർക്സ് |
|---|---|---|
| 1 | കാർത്ത്യായനി<br>കരുമത്തിൽപടി<br>കക്കിടിപുറം | എസ്.സിയാണെന്ന<br>സാക്ഷ്യപത്രം<br>ഹാജരാക്കിയിട്ടില്ല |
| 2 | ചക്കി<br>വെട്ടിനാട്ടിൽ<br>ആലംകോട് | കൈപ്പറ്റ് രശീതില്ല |
| 3 | തങ്കമ്മു<br>അമ്പലപറമ്പിൽ<br>ഒതളൂർ | ,, |
| 4 | ജാനകി<br>നാട്ടുകല്ലിങ്ങൽ<br>ചിയ്യാനൂർ | അറുപത് വയസ്സ് തികഞ്ഞിട്ടില്ല<br>ജനന വർഷം -1968<br>(ആധാർ പ്രകാരം) |
| 5 | ദേവയാനി<br>മണാട്ട് പറമ്പിൽ<br>കോക്കൂർ | അറുപത് വയസ്സ് തികഞ്ഞിട്ടില്ല<br>ജനന വർഷം -1967<br>(ആധാർ പ്രകാരം) |
| 6 | വേലായുധൻ<br>കണ്ടംകുളങ്ങര<br>ചിയ്യാനൂർ | അറുപത് വയസ്സ് തികഞ്ഞിട്ടില്ല<br>ജനന വർഷം -1959<br>(ആധാർ പ്രകാരം) |
| 7 | ജാനു<br>നാട്ടുകല്ലിങ്കൽ<br>ചിയ്യാനൂർ | അറുപത് വയസ്സ് തികഞ്ഞിട്ടില്ല<br>ജനന വർഷം -1960<br>(ആധാർ പ്രകാരം)പ്രൊജക്റ്റ് |

| | | |
|---|---|---|
| 8 | വേണു<br>ചിയ്യാരത്തിൽപടി<br>ആലംകോട് | അറുപത് വയസ്സ് തികഞ്ഞിട്ടില്ല<br>ജനന വർഷം -1964<br>(ആധാർ പ്രകാരം) |
| 9 | ചെമ്പി കുഞ്ഞൻ<br>ഏഴിക്കോട്ട്പടി<br>ആലംകോട് | അറുപത് വയസ്സ് തികഞ്ഞിട്ടില്ല<br>ജനന വർഷം -1960<br>(ആധാർ പ്രകാരം) |
| 10 | സ്വാമിനാഥൻ<br>ചെട്ടിയാൽകുളം<br>ആലംകോട് | അറുപത് വയസ്സ് തികഞ്ഞിട്ടില്ല<br>ജനന വർഷം -1967<br>(ആധാർ പ്രകാരം) |
| കട്ടിൽ വിതരണം (ജനറൽ) പ്രൊജക്ട് നം. 121/18 | | |
| 1 | ഉമ്മർ.ടി.പി.<br>തോട്ടുപാടത്ത്<br>ആലംകോട് | അറുപത് വയസ്സ് തികഞ്ഞിട്ടില്ല<br>ജനന വർഷം -1967<br>(ആധാർ പ്രകാരം) |
| 2 | ഉമ്മർ.എം.വി.<br>മേനോത്ത്<br>വളപ്പിൽ<br>പാവിട്ടപുറം | ഗ്രാമപഞ്ചായത്തിൽ താമസക്കാരനാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഫയലിൽ ഇല്ല |

ഇത്തരം പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ അർഹതയുള്ള ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 വിവാഹധനസഹായം -എസ്.സി- പദ്ധതി നടത്തിപ്പിലെ അപാകതകൾ

വിവാഹധനസഹായം എസ്.സി പദ്ധതി പ്രകാരം ധനസഹായം നൽകിയ ഗുണ ഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ കണ്ട അപാകതകളുടെ വിശദ വിവരംതാഴെ കൊടുക്കുന്നു.പദ്ധതി മാർഗ്ഗരേഖ പ്രകാരം വിവാഹം കഴിഞ്ഞ് മൂന്ന് മാസത്തിനകമോ വിവാഹത്തിന് മുൻപ് പതിനഞ്ച് ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണമെന്നിരിക്കെ മിക്ക അപേക്ഷകളിലും തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ബിൽ നം.തി. | റിമാർക്സ് |
|---|---|---|---|
| 1 | സുധ<br>മേച്ചിനാത്ത് പറമ്പിൽ<br>ചങ്ങരംകുളം | 09/17-18 dt.16.01,18<br>600000/- | അപേക്ഷയിൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. |
| 2 | ഉണ്ണികൃഷ്ണൻ.എം.കെ.<br>മനക്കടവത്ത്<br>ആലംകോട് | 20/17-18dt.28.07.18<br>-200000/- | ,, |

| | | | |
|---|---|---|---|
| 3 | യശോധ രാജൻ<br>മനക്കൽപ്പടി | 09/17-18 dt.16.01,18<br>600000/- | ,, |
| 4 | കോരൻ<br>കല്ലേപറമ്പിൽ<br>കോക്കൂർ | ,, | ,, |
| 5 | അറുമുഖൻ<br>പോരാത്ത് പറമ്പിൽ<br>ആലംകോട് | ,, | ,, |
| 6 | ബാലൻ.വി.വി.<br>വളപ്പിൽ പുരക്കൽ<br>ഒതളൂർ | ,, | മാര്യേജ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 7 | ലക്ഷ്മി<br>കള്ളിക്കാട്ട് വളപ്പിൽ<br>കക്കിടിപ്പുറം | 20/17-18<br>dt.28.07.18<br>-200000/- | ബ്ലോക്കിൽ നിന്നും ധനസഹായം ലഭിച്ചില്ലെന്ന<br>സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-15 പാലിന് സബ്സിഡി-അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. 174/18

നിർവ്വഹണോദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

ബിൽ നം 12/17-18 dt.24.03.18 250000/-

ചെക്ക്നം.7500153dt.21.03.18 175000/-(ബ്ലോക്ക് വിഹിതം) സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.2 -8 പ്രകാരം ക്ഷീരസഹകരണസംഘത്തിന് നൽകുന്ന ഒരു ലിറ്റർ പാലിന് മൂന്ന് രൂപ (ബ്ലോക്ക് വിഹിതം 1രൂപ ഒഴികെ)തോതിൽ കണക്കാക്കി ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നൽകണം.71 ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് 425000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ക്ഷീര സംഘങ്ങളിൽ നിന്നും പാൽ അളന്ന മാനദണ്ഡം അനുസരിച്ച് കർഷകരുടെ ലിസ്റ്റ് ലഭ്യമാക്കി ഗ്രാമസഭയുടെ അംഗീകാരം വാങ്ങി ഒരു ലിറ്ററിന് മൂന്ന് രൂപ വീതം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. എന്നാൽ ക്ഷീര സഹകരണസംഘങ്ങളിൽ പാൽ അളന്നതിന്റെ ലിസ്റ്റ് ഹാജരാക്കാത്തതിനാൽ നൽകിയ തുകയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.ആയതിനാൽ ചെലവഴിച്ച തുക 425000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 വീട് റിപ്പയർ- പദ്ധതി അപാകതകൾ

എ)വീട് റിപ്പയർ എസ്.സി (സ്പിൽ ഓവർ)

വീട് റിപ്പയർ എസ്. സി സ്പിൽ ഓവർ പദ്ധതി പ്രകാരം 25000/- രൂപ വീതം തൻവർഷം ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.പദ്ധതി മാർഗ്ഗരേഖ പ്രകാരം 100 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ധനസഹായം നൽകുന്നതിന് വ്യവസ്ഥയില്ല.എന്നാൽ വിസ്തീർണ്ണം സംബന്ധിച്ച് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഫയലിനൊപ്പം സൂക്ഷിച്ചിട്ടുള്ള എല്ലാ ഫയലിലെയും എഗ്രിമെന്റിൽ ഗുണഭോക്താവ് ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.നീലി,ഞരവത്ത്പടി,ഒതളൂർ എന്ന ഗുണഭോക്താവ് വീടിന്റെ കാലപഴക്കം,എസ്.സി

സാക്ഷ്യപത്രം,എഗ്രിമെന്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

ബി)വീട് റിപ്പയർ ജനറൽ

വീട് റിപ്പയർ ജനറൽ പദ്ധതി പ്രകാരം 25000/- രൂപ വീതം തൻവർഷം ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.പദ്ധതി മാർഗ്ഗരേഖ പ്രകാരം 100 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ധനസഹായം നൽകുന്നതിന് വ്യവസ്ഥയില്ല.എന്നാൽ വിസ്തീർണ്ണം സംബന്ധിച്ച് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| ക്രമ നം | പേര് ,മേൽവിലാസം | റിമാർക്സ് | ബിൽ നം.തി |
|---|---|---|---|
| 1 | കമലം<br>ഉണ്ണായിക്കത്ത്<br>ആലംകോട് | ഉടമസ്ഥാവകാശം,കാലപ്പഴക്കം എന്നിവ സംബന്ധിച്ച സർട്ടിഫിക്കറ്റില്ല. | 26/22.03.18 /200000/- |
| 2 | കദീജ ഉമ്മർ<br>ചേക്കോട്ട് വളപ്പിൽ<br>പള്ളിക്കുന്ന്<br>ആലംകോട് | വാല്യവേഷൻ സർട്ടിഫിക്കറ്റിൽ തുക രേഖപ്പെടുത്തിയിട്ടില്ല | 23/22.03.18 /175000/- |
| 3 | ശ്രീദേവി<br>ചേക്കോട്ട് മച്ചിങ്ങൽ ചിയ്യാനൂർ | വാല്യവേഷൻ സർട്ടിഫിക്കറ്റിൽ തുക രേഖപ്പെടുത്തിയിട്ടില്ല | 10/16.01.18 /700000/- |
| 4 | മുജീബ്.എം.പി.<br>മതിൽ പറമ്പിൽ<br>പന്താവൂർ | കാലപ്പഴക്കം അഞ്ച് വർഷം മാത്രം | 23/22.03.18 /175000/- |
| 5 | സുഹറ അലി<br>ഒടിച്ചുത്തിഞാലിൽ<br>കോക്കൂർ | വാല്യവേഷൻ സർട്ടിഫിക്കറ്റിൽ തുക രേഖപ്പെടുത്തിയിട്ടില്ല | 23/22.03.18 /175000/- |

വീട് റിപ്പയർ എസ്.സി

| | | | |
|---|---|---|---|
| 1 | കുമാരൻ,<br>കൈതവളപ്പിൽ<br>കോക്കൂർ | വിസ്തീർണ്ണം സംബന്ധിച്ച വിവരം,പട്ടികജാതി വികസന ഓഫീസറിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം<br>എന്നിവ ഹാജരാക്കിയില്ല. | 08/16.01.18<br>/350000/- |
| 2 | സരോജിനി<br>ഒലയാംപറമ്പിൽ | ” | 25/22.03.18<br>150000/- |

| | | | |
|---|---|---|---|
| | ചിയ്യാനൂർ | | |
| 3 | വേലായുധൻ<br>ചാങ്ങിലിയോട്ട്പടി<br>മാന്തടം | ,, | 25/22.03.18<br>150000/- |
| 4 | വിജയൻ<br>ആലങ്കോട്പരവൻ<br>ആലംകോട് | ,, | 25/22.03.18<br>150000/- |
| 5 | സുനിൽ<br>കോട്ടയിൽപടി<br>ആലംകോട് | ,, | 27/22.03.18<br>250000/- |
| 6 | സരോജിനി<br>അപ്പനത്ത്<br>ഒതളൂർ | ,, | 27/22.03.18<br>250000/- |
| 7 | മുല്ല<br>കൈപ്രവളപ്പിൽ<br>ചിയ്യാനൂർ | ,, | 27/22.03.18<br>250000/- |
| 8 | കോച്ചി<br>പോക്കാട്ടിൽ<br>ഒതളൂർ | ,, | 27/22.03.18<br>250000/- |
| 9 | വസന്ത<br>ഉണ്ണിശ്ശേരിപറമ്പിൽ<br>ആലംകോട് | ,, | 28/03.01.18<br>/100000/- |
| 10 | കുഞ്ഞൻ<br>കൈപ്രവളപ്പിൽ<br>ചിയ്യാനൂർ | ഉടമസ്ഥാവകാശം,കാലപ്പഴക്കം എന്നിവ സംബന്ധിച്ച സർട്ടിഫിക്കറ്റില്ല | 28/03.01.18<br>/100000/- |
| 11 | രമണി<br>സ്വാമിനാഥൻ<br>തെക്കേക്കരപ്പടി<br>കോലിക്കര | വാല്യൂവേഷൻ സർട്ടിഫിക്കറ്റിൽ<br>തുക രേഖപ്പെടുത്തിയിട്ടില്ല. | 18/15.02.18<br>400000/- |

മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-17 മൃഗാശുപത്രിയിലേക്ക് കസേര വാങ്ങൽ- സ്റ്റോക്കിലെടുത്തിട്ടില്ല

പ്രോജക്റ്റ് നം. 212/18

നിർവ്വഹണോദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

വകയിരുത്തിയ തുക -10000/-

ബിൽ നം. തി. 03/17-18 dt.14.02.18

മൃഗാശുപത്രിയിലേക്ക് കസേര വാങ്ങൽ പദ്ധതി പ്രകാരം ക്വട്ടേഷൻ വിളിച്ചതിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത പാലസ് ഷോപ്പിങ്ങ് സെന്റർ ,ചങ്ങരംകുളം എന്ന സ്ഥാപനത്തിൽ നിന്നും 247/03.02.18 നമ്പർ ഇൻവോയ്സ് പ്രകാരം (20 കസേരകൾ 500 രൂപ വീതം ) 10000/- രൂപയുടെ ഫർണ്ണീച്ചർ വാങ്ങിയിട്ടുണ്ട്. അപാകതകൾ താഴെ കൊടുക്കുന്നു.

എ)ഫർണ്ണീച്ചർ വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

ബി)ഇൻവോയ്സിൽ ജി.എസ്.ടി ഉൾപ്പെടുത്തിയിട്ടില്ല.

സി)ഇൻവോയ്സിൽ കസേരയുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-18 മുട്ടക്കോഴി വിതരണം -എസ്.സി.പി.- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം.222/17

ബിൽ നം14/17-18 dt. 31.03.18

വകയിരുത്തിയ തുക -വി.ഫ 200000/--

ഗു.വി -66650

ആകെ 266650

ശ്രീനാരായണ എഗ്ഗർ നഴ്സറി യിൽ നിന്നും 100/ രൂപ വിലയുള്ള 2650 കോഴികളെ 266650രൂപയ്ക്ക് (1650/- രൂപ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പടെ) വാങ്ങി. പത്ത് കോഴികളെ വീതം 265 ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്.

<u>അപാകതകൾ</u>

എ)മീര ,കോക്കൂർ എന്ന് ഗുണഭോക്തൃലിസ്റ്റിൽ രേഖപ്പെടുത്തിയ ഗുണഭോക്താവിന്റെ അപേക്ഷ , വരുമാനം, എസ്.സി സർട്ടിഫിക്കറ്റ്, ഗുണഭോക്താവിന്റെ അർഹത തെളിയിക്കുന്ന രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

ബി)ഷീബ,വട്ടേക്കാടത്ത്,ലീല കൊടക്കാട്ട് വളപ്പിൽ എന്നീ ഗുണഭോക്താക്കളുടെ അപേക്ഷയും കൈപ്പറ്റ് രശീതും മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. വരുമാനം, എസ്.സി സർട്ടിഫിക്കറ്റ്, ഗുണഭോക്താവിന്റെ അർഹത തെളിയിക്കുന്ന രേഖകൾ എന്നിവ ഹാറിയിജരാക്കിയിട്ടില്ല.

സി)ലീല.കെ.വി, കൈപ്രവളപ്പിൽ,ചിയ്യാന്നൂർ എന്ന ഗുണഭോക്താവിന്റെ കൈപ്പറ്റ് രശീതിന് പകരം പ്രബീഷ് ലാൽ എന്ന വ്യക്തിയുടെ കൈപ്പറ്റ് രശീതാണ് ഹാജരാക്കിയിട്ടുള്ളത്. ടി പേര് ഉൾപ്പെട്ട രേഖകൾ ഫയലിൽ ഇല്ല.

ഡി)ഇൻവോയ്സിൽ 14%ജി.എസ്.ടി പിടിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

## 3-19 പശു വളർത്തൽ,എസ്.സി(വനിത),പശുവളർത്തൽ ജനറൽ (വനിത)-പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

പശുവളർത്തൽ പദ്ധതി പ്രകാരം പശുവിനെ വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)അപേക്ഷയിൽ പശുവിനെ വളർത്താൻ ഭൗതിക സാഹചര്യമുണ്ടെന്ന് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2)വാർഡ് മെമ്പർ ,നിർവ്വഹണോദ്യോഗസ്ഥൻ എന്നിവരും ഗുണഭോക്താക്കളിൽ നിന്നുള്ള 5 പേരും കൂടി ഉൾപ്പെടുന്ന

സമിതിയായിരിക്കണം വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച കൊണ്ട് വാങ്ങൽ നടത്തേണ്ടത്.എന്നാൽ അപ്രകാരം ചെയ്യാതെ ഓരോ ഗുണഭോക്താവും പ്രത്യേകം വാങ്ങൽ നടത്തുകയാണ് ചെയ്തിട്ടുള്ളത്.

3)പദ്ധതിയുടെ ലക്ഷ്യം പഞ്ചായത്തിലെ പാലുത്പാദനം വർദ്ധിപ്പിക്കുക എന്നതാണെങ്കിലും ഉരുക്കളെ പുറമേ നിന്നും വാങ്ങാതെ പഞ്ചായത്ത് പരിധിയിൽ നിന്ന് തന്നെ വാങ്ങുന്നതിനാൽ പദ്ധതിയുടെ ലക്ഷ്യ പ്രാപ്തി സംശയാസ്പദമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം. | ചെലവഴിച്ചതുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1500000 | സമഗ്ര നെൽകൃഷി വികസനം (68/18) | 1275000 | 225000 |
| | 1210000 | ലൈഫ് ഭവന പദ്ധതി (216/18) | 0 | 1210000 |
| | 500000 | 9-ാം നമ്പർ അംഗനവാടി നിർമ്മാണം (183/18) | 0 | 500000 |
| ബ്ലോക്ക് പഞ്ചാ യത്ത് | 300000 | സമഗ്ര നെൽകൃഷി വികസനം (68/18) | 300000 | 00 |
| | 550000 | കോൾ പാടശേഖരസമിതിക്ക് പമ്പ് സെറ്റ് നൽകൽ | 528095 | 21905 |
| | 175000 | പാലിന് സബ്സിഡി | 175000 | 00 |
| | 1600000 | പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് (205/18) | 982943 | 617057 |
| | 121000 | എസ്.സി.വനിത കൾക്ക് ഇരുചക്ര വാഹനം (209/18) | 121000 | 0 |
| | 100000 | SCവിദ്യാർത്ഥികൾക്ക് ഫർണീച്ചർ (211/18) | 100000 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KWA | | 21700903/09.01.2018 21700803/ 10.01.18 | 200000/- 30000/- | 0 | പൂർത്തീകരിച്ചിട്ടില്ല | 200000 30000 |
| KSEB | | 21701136/02.03.18 | 600000/- | 0 | പൂർത്തീകരിച്ചിട്ടില്ല | 600000 |

| | | | | | | |
|---|---|---|---|---|---|---|
| Mission Dierector MGNREGS | | 7500148/ 05.03.18 21701146/ 05.03.18 21701147/05.03.18 | 500000/- 500000/- 500000/- | 0 | പൂർത്തീകരിച്ചിട്ടില്ല | 500000 500000 500000 |
| | | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം.തി | വായ്പ തുക | തിരിച്ചടക്കാൻ ബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിട നിർമ്മാണം | Go(Rt) no.974/07/LSGD dt.26.03.2011 Go No. Kurdfc/ gp/156/07 dt. 26.03.11 Go No. Kurdfc/ gp/156 /07/27.11.13 Go No. Kurdfc/ gp/156/07dt. 24.06.14 Go No. Kurdfc/ gp/156 /07dt.11.03.16 | 5000000 5022000 3164645 430000/- 1700000/- | 6103881 | 1473820 | 652662 | 4630061 |
| 2 | ഇ.എം. എസ് ഭവന പദ്ധതി | Go.No.773/10/ Lsgd dt. 08.03.10 | | 3030906 | 555995 | 0 | 2474978 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 14600/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 14600 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 14600 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 11650 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീതി നം.തി |
|---|---|---|---|---|
| 2016-17 | 2(2A) | 400 | | 91921100026/ 30.10.17 |
| | ,, | 2500 | | 117140103102/ 05.08.17 |
| | - | 2500 | | 117140103411/21.08.17 |
| | 2(2B) | 150 | | 117140104533/10.10.17 |
| | 2-1 | 3400 | | 117140104609/11.10.17 |
| | 2-1 | 200 | | 117140104664 /12.10.17 |
| 2015-16 | -- | 2500 | | 117140109348 /13.03.18 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 44 | 2003-04 | പൊതു പരാമർശം | ട്രാക്ടർ വാങ്ങിയതിലെ അപാകത | നടപടി തുടരുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 40,46,47 | പി. സുബ്രഹ്മണ്യൻ സെക്രട്ടറി പഞ്ചായത്ത് വകുപ്പ് | LF 22378/ Spl.cell/ SC5/04 17.5.06 | 1,77,855 | | | 1,77,855 | | | | ഒപി-245/06 ഡി.സി. മഞ്ചേരി |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 97907401 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92181464 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ/ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 903050 |

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 3-8 | 402700 | ഡോ.റിയാസ്.സി മെഡിക്കൽ ഓഫീസർ |
| 3-9 | 40000 | സെക്രട്ടറി പി.വി.ബാബുരാജൻ |
| 3-11 | 25350 | നളിനി.എൻ,കൃഷി ഓഫീസർ |
| 3-15 | 425000 | ഡോ.ജെ.അനിത,വെറ്ററിനറി സർജൻ |
| 3-17 | 10000 | ,, |
| ആകെ | 903050 | |

ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം

| | | |
|---|---|---|
| ഖണ്ഡിക 3-7 | 11863 | പി.പി.വിജയൻ, അസിസ്റ്റന്റ് സെക്രട്ടറി |

ഇ) നഷ്ടംനിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

എഫ് )റിപ്പോർട്ടിൽ പ്രദിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1982-83 | എൽ.എഫ്.എം.8/406/97/18.2.97 | 9 | |
| 83-84 | എൽ.എഫ്.എം.8/407/97/18.2.97 | 11 | |
| 84-85 | എൽ.എഫ്.എം.8/408/97/18.2.97 | 10 | |
| 85-86 | എൽ.എഫ്.എം.8/409/97/18.2.97 | 12 | |
| 88-90 | എൽ.എഫ്.എം.8/411/97/18.2.97 | 12 | |
| 90-91 | എൽ.എഫ്.എം.8/412/97/19.2.97 | 6 | |
| 91-92 | എൽ.എഫ്.എം.8/413/97/19.2.97 | 6 | |
| 92-93 | എൽ.എഫ്.എം.8/414/97/19.2.97 | 6 | |
| 93-94,94-95,95-96 | എൽ.എഫ്.എം.9/57/00/11.4.00 | 2 | |
| 96-97 | എൽ.എഫ്.എം.9/988/11.5.99 | 5 | |
| 97-98 | എൽ.എഫ്.എം.9/597/98/9.11.99 | 9 | |

| | | | |
|---|---|---|---|
| 98-99 | എൽ.എഫ്.എം.4/852/02/24.5.03 | 7 | |
| 99-00 | എൽ.എഫ്.എം.9/333/04/3.7.04 | 25 | |
| 00-01ചെലവ് | എൽ.എഫ്.എം.9/383/08/27.11.06 | 4 | |
| 00-01 വരവ് | എൽ.എഫ്.എം.8/1773/07/23.1.09 | 10 | |
| 01-02 | എൽ.എഫ്.എം.8/1774/07/23.1.09 | | |
| 02-03 | എൽ.എഫ്.എം.8/1775/07/23.1.09 | 11 | |
| 03-04 | എൽ.എഫ്.എം.8/1776/07/23.1.09 | 5 | |
| 04-05 | എൽ.എഫ്.എം.8/1777/07/23.1.09 | 5 | |
| 05-06 | എൽ.എഫ്.എം.8/1778/07/23.1.09 | 13 | |
| 06-07 | എൽ.എഫ്.എം18/1366/11/27.3.2012 | 14 | |
| 07-08 | എൽ.എഫ്.എം18/2323/11/27.3.12 | 10 | |
| 08-09 | എൽ.എഫ്.എം18/574/11/31.5.11 | 10 | |
| 09-10,10-11 | എൽ.എഫ്.എം17/2389/2013/29.3.14 | 26 | |
| 11-12,12-13 | എൽ.എഫ്.എം17/440/15/2015/9.4.2015 | 28 | |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം28/1406 /16/11-7-2016 | 20 | |
| 2015-16 | കെ.എസ്.എ.എം.പി.എം28/3275 /16/20-01-2017 | 28 | |

| | | | |
|---|---|---|---|
| | | | |
| 2016-17 | കെ.എസ്.എ.എം.പി.എം28/3275 /16/20-01-2017 | 15 | |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം-1

### സാക്ഷ്യപത്രം

നം.കെ.എസ്.എ.എം.പി.എം.28/1089/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം. പിൻ- 676 505,

ഫോൺ - 0483 2734951

ഇ-മെയിൽ : dompm.ksad@kerala.gov.in

തീയ്യതി : 09/08/2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 31.03.2018 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം.

Audit Certificate

No.KSA/MPM.28/1089/18

Kerala State Audit Department
District office ,Malappuram
Phone: 0483 -2734951
Email: dompm.ksad@kerala.gov.in
Date: 09/08/2018

Certified that I have audited the Annual Financial Statement of Alamcode Grama Panchayath in Malappuram District of the year ended on 31.3.18 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj

Institutions.

In my opinion, the Financial Statements of Alamcode Grama Panchayath for the year 2017-18 except the observations in My audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department